'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -എടപ്പറ്റ ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം-അനുവദനീയമായ മറ്റ വിഹിതം ഉപയോഗിച്ച് പ്രോജക്ട് ഭേദഗതി വരുത്തി നടപ്പാക്കുന്നത്- അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം.20/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/01/2019**

പരാമർശം:- 1 എടപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.03.2018-ലെ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ16/10/2018ലെ 4 .24 നമ്പർ തീരുമാനവും 31/11/2018-ലെ 2.4 നമ്പർ തീരുമാനവും .

## ഉത്തരവ്

2017-18-ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് എടപ്പറ്റ ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണത്തിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. എഗ്രിമെന്റ് വയ്ക്കാതെയും വർക്ക് ഓർഡർ നൽകാതെയും കേരള ആർട്ടിസാൻസ് ഡെവലപ് മെന്റ് കോർപ്പറേഷനെ (KADCO) ജോലി ഏൽപ്പിച്ചു. 7 0 ശതമാനം പ്രവർത്തി പൂർത്തിയായി. ഇതിന് സാധൂകരണം നൽകണമെന്ന് എടപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16/10/2018 ൽ ചേർന്ന യോഗം ടി പ്രവൃത്തി കേരള ആർട്ടിസാൻസ് ഡെവലപ് മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ച നടപടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം രണ്ടിലെ യോഗം വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റയുടെ പരാമർശം രണ്ടിലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കാൻ പാടില്ല എന്ന നിബന്ധനയോടെയും അനുവദനീയമായ മറ്റ വിഹിതം ഉപയോഗിച്ച് പ്രോജക്ട് ഭേദഗതി വരുത്തി നടപ്പാക്കാനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, എടപ്പറ്റ ഗ്രാമപഞ്ചായത്ത്,മലപ്പുറം

**എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം**

**ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം**

**ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം**

**ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ**

**ഉത്തരവിൻ പ്രകാരം**
**സെക്ഷൻ ഓഫീസർ**

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ)പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ)പി.എയ്ക്ക്